പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1429 16-10-2026-ൽ മറുപടിയ്ക്ക്

കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീമതി കെ. കെ. രമ	ശ്രീ. ടി. സിദ്ദീഖ് (കൃഷി വകുപ്പ് മന്ത്രി)

(എ) വടകര മണ്ഡലത്തിൽ കൃഷി വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

മറുപടി: വടകര മണ്ഡലത്തിൽ കൃഷി വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടേയും ഗുണഭോക്താക്കളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.

(ബി) വടകര നിയമസഭാ മണ്ഡലത്തിലെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

മറുപടി: നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ മറ്റു തോട്ട വിളകൾ എന്നിവയുടെ വികസനത്തിനായി കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഫാം പ്ലാൻ അധിഷ്ഠിത കൃഷി പദ്ധതി. ടി പദ്ധതിയിലൂടെ വടകരയിൽ രൂപീകരിച്ച എഫ്.പി.ഒ (ഫാം പ്രൊഡ്യൂസർ ഓർഗനൈസേഷൻ) ആണ് എവർഗ്രീൻ എഫ്.പി.ഒ, വടകര. തിക്കോടി ബ്ലോക്കിലെ ഫാം പ്ലാൻ കർഷകർ ഉൾപ്പെട്ട ഈ എഫ്.പി.ഒ യുടെ ഒരു വിപണന കേന്ദ്രം മേപ്പയൂരിൽ പ്രവർത്തിക്കുന്നു. ആത്മ പദ്ധതികളിലൂടെ ഗ്രൂപ്പുകൾക്ക് മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണങ്ങൾക്കും ക്ലസ്റ്റർ കൃഷിക്കുമുള്ള പരിശീലനങ്ങളും ധനസഹായവും നൽകിയിട്ടുണ്ട്.

ഭാരതീയ പ്രകൃതി കൃഷി പദ്ധതി വഴി ജൈവകൃഷി പ്രോത്സാഹനവും ജൈവവള നിർമ്മാണത്തിനുള്ള ധനസഹായവും നൽകിയിട്ടുണ്ട്.

(സി) മണ്ഡലത്തിലെ നെൽകൃഷി, തെങ്ങ്, പച്ചക്കറി, വാഴ തുടങ്ങിയ പ്രധാന കാർഷിക മേഖലകളുടെ വികസനത്തിനായി പ്രത്യേക പദ്ധതികളോ ധനസഹായമോ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: കൃഷി വകുപ്പ് നടത്തുന്ന പദ്ധതികൾ എല്ലാം ജില്ല തിരിച്ചാണ് ഫണ്ട് ലഭ്യമാക്കുന്നത്. മണ്ഡലം തിരിച്ചുള്ള പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. വി.എഫ്.പി.സി.കെ മുഖേന 2022 മുതൽ 2024 വരെ കൊപ്ര സംഭരണം മണിയൂർ സ്വാശ്രയ കർഷക സമിതി മുഖേന നടപ്പിലാക്കിയിരുന്നു. 816 കർഷകരിൽ നിന്നായി 98 ലക്ഷം രൂപയുടെ 289.773 മെട്രിക് ടൺ പച്ചത്തേങ്ങ ഈ കാലയളവിൽ സംഭരിക്കുവാൻ സാധിച്ചു.

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമ നം.	സംസ്ഥാന പദ്ധതികൾ	ഗുണഭോക്താക്കളുടെ എണ്ണം
1	തെങ്ങ് കൃഷി വികസനം	1165
2	നെൽകൃഷി വികസനം	31
3	പച്ചക്കറി വികസനം	13154
4	ക്രോപ്പ്ഹെൽത്ത് മാനേജ്മെന്റ്	51
5	കർഷക ദിനം പരിശീലനങ്ങൾ	1001
6	ഓർഗാനിക് ഫാർമിംഗ്	100
7	ഫാം പ്ലാൻ	20
8	സുഗന്ധവിള വികസനം	11
9	ഫലവൃക്ഷതൈ വികസനം	11
10	സൗജന്യ വൈദ്യുതി	178
11	മണ്ണ് സംരക്ഷണ ആരോഗ്യ പരിപാലനം.	1498
12	ഓണചന്ത	4258
13	എഫ്.പി.ഒ	200
14	Farm plan based production programme including pre production support	15
ആകെ		21693

കേന്ദ്രാവിഷ്കൃത പദ്ധതികൾ		
ക്രമ നം.	പദ്ധതികൾ	ഗുണഭോക്താക്കളുടെ എണ്ണം
1	ബി.പി.കെ.പി	38
2	പയറു വർഗ്ഗ വികസനം. (Atmanirbharatha)	275
3	ആത്മ	256
4	എസ്.എച്ച്.എം	68
	ആകെ	637